മി. സ്പീക്കർ: ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *31.

കൺസ്യൂമർഫെഡിന്റെ പുനരുദ്ധാരണം

*31. ശ്രീ.കെ. ആൻസലൻ
,, ബി. ഡി. ദേവസ്സി
,, കെ. വി. വിജയദാസ്
,, ആന്റണി ജോൺ (ശ്രീ. വി. ജോയ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അഴിമതിയും ധൂർത്തും കൊണ്ട് തകർച്ചയിലായതായി ആക്ഷേപമുള്ള കൺസ്യൂമർഫെഡിനെ പുനരുദ്ധരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) നിലവിൽ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും

നടന്നതായി ആക്ഷേപമുള്ള അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും നിമിത്തം തകർച്ചയിലായിരുന്ന കൺസ്യൂമർഫെഡിനെ കൈപിടിച്ച് ഉയർത്തുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചത് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിന് ശേഷമാണ്. ഫെഡറേഷനെ പുനരുദ്ധരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ വിവരിക്കുന്നു.

ഭരണപരം

- കൺസ്യൂമർഫെഡിന്റെ ദൈനംദിന പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ സംവിധാനത്തിന് രൂപം നൽകി.
- എല്ലാ മാസവും ഹെഡ്ഡാഫീസ് തലത്തിൽ റീജിയണൽ മാനേജർമാരുടെ റിവ്യൂ മീറ്റിങ്ങുകളും റീജിയണൽ തലത്തിൽ ത്രിവേണി, നീതി മെഡിക്കൽ, വിദേശമദ്യ ഷോപ്പ് എന്നിവയുടെ റിവ്യൂ മീറ്റിങ്ങുകളും സംഘടിപ്പിച്ചു.
- കൺസ്യൂമർഫെഡിന്റെ യൂണിറ്റുകളിലും ഗോഡൗണുകളിലും സർപ്രൈസ്

ഇൻസ്പെക്ഷൻ ഏർപ്പെടുത്തി.

- ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടുകൂടി ഇന്റേഷണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി.

ധനപരം

- പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപങ്ങളുടെ പലിശ 12.39 കോടി രൂപയും മുതൽ 26 ലക്ഷം രൂപയും തിരിച്ച് നൽകി.
- സംസ്ഥാന സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിലെ ഉയർന്ന പലിശ നിരക്കിൽ വാങ്ങിയ വായ്പകൾ തിരിച്ച് അടച്ച് പലിശ നഷ്ടം ഒഴിവാക്കി.
- പ്രാഥമിക സഹകണ സംഘങ്ങളുടെ 12-ഉം, 13-ഉം ശതമാനം പലിശയ്ക്കുള്ള നിക്ഷേപങ്ങൾ തിരിച്ച് നൽകി, 7.75, 8.75 ശതമാനം പലിശയുള്ള ഹ്രസ്വകാല നിക്ഷേപങ്ങളാക്കി മാറ്റി.
- കൺസ്യൂമർഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ ലാഭക്ഷമതയുടെ അടിസ്ഥാനത്തിൽ എ, ബി, സി എന്നിവയായി തരംതിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മപദ്ധതിയ്ക്ക് രൂപം നൽകി.

വിപണനം

- ആവശ്യകത തിട്ടപ്പെടുത്തി ഗോഡൗണുകളെ പുനഃക്രമീകരിച്ചു. ഇതിന്റെ ഫലമായി അനാവശ്യമായി എടുത്തിരുന്ന ഗോഡൗണുകൾ ഒഴിവാക്കി.
- ഗോഡൗണുകളിൽ കെട്ടികിടന്നിരുന്ന പഴകിയ സാധനങ്ങൾ സഹകരണ വകുപ്പിന്റെ സഹായത്തോടെ ലേലത്തിൽ വിറ്റഴിച്ചു.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറും 1500 നീതി മെഡിക്കൽ സ്റ്റോറും ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിനോടകം 7000 ലേറെ നീതി സ്റ്റോറും 500 നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തന സജ്ജമായി. ഇവയ്ക്ക് വേണ്ട സാധനങ്ങൾ ഒന്നിച്ച് വാങ്ങുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാനായി.
- പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇത് പ്രവർത്തനം ജനകീയവും സുതാര്യവുമാക്കാൻ സഹായകരമായി.
- കേന്ദ്രീകൃത പർച്ചേസ് സംവിധാനവും ഇ-ടെൻഡറും നടപ്പാക്കി.
- മരുന്നു ഉല്പാദക കമ്പനികളുമായി ആശയവിനിമയം നടത്തി കൺസ്യൂമർഫെഡിനെ സി. ആന്റ്. എഫ് ഏജൻസിയായി പരിഗണിയ്ക്കാമെന്ന്

വന്നതോടെ ഡിസ്കൗണ്ട് ഇനത്തിൽ വർദ്ധനവ് ഉണ്ടാക്കാനായി.

- വിദേശമദ്യ വിൽപ്പനയിൽ നിലനിന്നിരുന്ന അനാവശ്യപ്രവണതകളും ഡാമേജും കുറയ്ക്കാൻ കഴിയുകയും ഇൻസെന്റീവ് കൺസ്യൂമർഫെഡിൽ അടയ്ക്കണമെന്ന് നിഷ്കർഷിയ്ക്കുകയും ചെയ്തതിനാൽ 76,18,794/- രൂപ ഈ ഇനത്തിൽ സമാഹരിയ്ക്കാനായി. തന്നെയുമല്ല. പ്രവർത്തന ചെലവ് വിറ്റുവരത്തിന്റെ 12% ത്തിൽ നിന്ന് 9% ആയി കുറയ്ക്കാൻ കഴിഞ്ഞു. ഇതുവഴി ഈ മേഖലയിലെ ലാഭക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

<u>ജീവനക്കാരുടെ പുനർവിന്യാസം</u>

- ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി, അധികമായ നിയമിക്കപ്പെട്ട താത്കാലിക/കരാർ ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിച്ചു.
- ലാഭകരമല്ലെന്ന് കണ്ടെത്തുകയും, നഷ്ടത്തിൽ, ഡാമേജിനും, കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ 741 നന്മ സ്റ്റോറുകൾ ഒഴിവാക്കി.
- അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും ഒഴിവാക്കുന്നതിന് സുതാര്യമായ നടപടി ക്രമങ്ങൾക്ക് രൂപം നൽകി.
- ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധ വിഭാഗങ്ങൾക്കായി

ചിട്ടയായ പരിശീലനം നൽകുകയുണ്ടായി.

<u>ഗുണഫലങ്ങൾ</u>

- പ്രതിമാസം ഭരണചെലവ് വിറ്റുവരത്തിന്റെ 7.52 ശതമാനത്തിൽ നിന്നും 6.75 ശതമാനമായി കുറയ്ക്കാനായി.
- പ്രതിമാസം പലിശ ചെലവ് 6.50 കോടി രൂപയിൽ നിന്നും 3.45 കോടി രൂപയായി കുറയ്ക്കാനായി.
- വിറ്റുവരവ് വർദ്ധിപ്പിക്കാനായി 2016 ജൂലൈ മാസം ശരാശരി വിൽപ്പന പ്രതിമാസം 152.50 കോടി രൂപയായിരുന്നത് പ്രതിമാസം 162 കോടി രൂപയായി വർദ്ധിച്ചു.
- പ്രതിദിന വിറ്റുവരവ് 4 കോടി രൂപയിൽ നിന്നും 6 കോടി രൂപയായി വർദ്ധിപ്പിയ്ക്കാനും പ്രതിമാസം 2.25 കോടി രൂപ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത് 8 കോടി രൂപ വീതം ലാഭം നേടാനും കഴിഞ്ഞു.

(ബി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ, ആഡിറ്റ് ഡയറക്ടർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് അഞ്ച് തവണ അവലോകനം നടത്തുകയുണ്ടായി. ജോയിന്റ് രജിസ്ട്രാർമാരുടെയും കൺസ്യൂമർഫെഡ്

പ്രതിനിധികളെയും പങ്കെടുപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ രണ്ടു തവണ യോഗം നടത്തിയിട്ടുണ്ട്. കൂടാതെ 15-02-2017 ബഹു. കേരള മുഖ്യമന്ത്രി കൺസ്യൂമർഫെഡറേഷന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യുന്നതിന് യോഗം വിളിക്കുകയും തുടർ പ്രവർത്തനത്തിന് മാർഗ്ഗനിർദ്ദേശം നൽകുകയുമുണ്ടായി.

(സി) സംസ്ഥാനത്ത് അരി വില വർദ്ധിക്കുന്ന സാഹചര്യത്തിൽ അരി ഉൽപ്പാദന സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് അരി സംഭരിച്ച് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക സർവ്വീസ് സഹരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 2000 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനും 1500 നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആരംഭിക്കുന്ന സ്റ്റോറുകളിലേയ്ക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും മരുന്നുകളും ഫെഡറേഷൻ മുഖേന വിൽപ്പനയ്ക്ക് എത്തിക്കുന്നതാണ്. ഇതിനോടകം 700 ലേറെ നിതി സ്റ്റോറും 500 നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തന സജ്ജമായി. ഇവയ്ക്ക് വേണ്ട സാധനങ്ങൾ ഒന്നിച്ച് വാങ്ങുന്നതിനാൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാനായി. ഫെഡറേഷന് സ്വന്തമായുള്ള നീതി

ഗ്യാസ് പ്ലാന്റിന്റെ കാര്യശേഷി കൂട്ടുതൽ പ്രയോജനപ്പെടുത്തുന്നതിനായി കൊമേഴ്ഷ്യൽ ഗ്യാസ് റീഫില്ലിങ്ങിന് നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ഡി) രണ്ട് തരത്തിലുള്ള അന്വേഷണങ്ങളാണ് ഫെഡറേഷനിൽ നടന്നുവരുന്നത്. പോലീസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണവും സംസ്ഥാന സഹകരണ വകുപ്പിന്റെ 65-ാം വകുപ്പു പ്രകാരമുള്ള അന്വേഷണവും. കൺസ്യൂമർഫെഡറേഷന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റി 1969-ലെ സഹകരണ നിയമം 65 വകുപ്പുപ്രകാരം അന്വേഷണം നടത്തുന്നതിന് 26-09-2015-ൽ ഉത്തരവായിട്ടുള്ളതാണ്. അന്വേഷണ കാലാവധി ഒരു വർഷം പൂർത്തിയായിട്ടും അന്വേഷണം തുടരുന്നതിനെതിരെ കൺസ്യൂമർഫെഡ് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റജി ജി. നായർ ഹൈക്കോടതിയെ സമീപിക്കുകയും അന്വേഷണത്തിന് സ്റ്റേ ലഭിച്ചതിനെ തുടർന്ന് അന്വേഷണം നിർത്തി വച്ചിരിക്കുകയുമാണ്.

ശ്രീ. കെ. ആൻസലൻ: സർ, നോട്ട് പിൻവലിക്കലുമായി ബന്ധപ്പെട്ടുകൊണ്ട് ഉപഭോക്തൃസംസ്ഥാനമായ നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങി സംസ്ഥാനത്തെ ന്യായവില കടകൾ വഴി നൽകുന്നതിന്

ഏറ്റവും ആശ്വാസകരമായ ഒന്നാണ് കൺസ്യൂമർഫെഡും അതിന്റെ മാർക്കറ്റിംഗ് സംവിധാനവും. ഈ ഘട്ടത്തിൽ കൂടുതൽ സാധനങ്ങൾ വില കുറച്ച് കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അത്തരം നടപടികൾ സ്വീകരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തുൾപ്പടെ രാജ്യത്താകെ അരിയുടെ വില വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അരി ഉൽപ്പാദന സംസ്ഥാനങ്ങളിൽ പോയി അരി വാങ്ങി കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ വിവിധ സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെ വിൽപ്പന നടത്താൻ വേണ്ടിയുള്ള ഒരു വിപുലമായിട്ടുള്ള പരിപാടിക്ക് കൺസ്യൂമർഫെഡ് നേതൃത്വം നൽകുന്നുണ്ട്. ആന്ധ്രയിലും മറ്റും പോയിരുന്നെങ്കിലും നമ്മൾ ഉദ്ദേശിക്കുന്ന തരത്തിൽ അരി വില കുറച്ച് ലഭിക്കാനുള്ള സാദ്ധ്യതയില്ല. അതിനാൽ ഇപ്പോൾ ബംഗാളിനെ സമീപിച്ചിരിക്കുകയാണ്. അവിടെ നിന്ന് കുറഞ്ഞ വിലയ്ക്ക് അരി ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അത് വാങ്ങി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ എല്ലാ സ്റ്റോറുകളിലും മൊത്ത വിലയ്ക്ക് സാധനങ്ങൾ വാങ്ങി നൽകുന്നതിന്റെ ഭാഗമായി സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക്

കൺസ്യൂമർഫെഡറേഷന്റെ സ്റ്റോറുകളിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, കഴിഞ്ഞ ഗവൺമെന്റ് ഒരു അഴിമതിരാജ് ഗവൺമെന്റായിരുന്നു. അതിന്റെ ഭാഗമായി അന്നത്തെ വകുപ്പുമന്ത്രിക്കെതിരെ ക്രിമിനൽ കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ഏതാണ്ട് 13 ഓളം ഉദ്യോഗസ്ഥന്മാർ വിവിധ അഴിമതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. കോടതിയിൽ പോയി സ്റ്റേ വാങ്ങുന്ന അവസ്ഥ അവസാനിപ്പിച്ചുകൊണ്ട് അടിയന്തിരമായി തീവെട്ടിക്കൊള്ള നടത്തിയിട്ടുള്ള അഴിമതിക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് മുതിരുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൺസ്യൂമർഫെഡ് അഴിമതിയിൽ മുങ്ങി കുളിച്ചുപോയ ഒരു സ്ഥാപനമാണ്. അക്കാര്യത്തിൽ ഈ സഭയിലുള്ള ആർക്കും അഭിപ്രായവ്യത്യാസമുണ്ടാവാൻ വഴിയില്ല. ഓഡിറ്റിംഗ് നടത്താൻ സാധിക്കുന്നില്ല. 2011 വരെയുള്ള ഓഡിറ്റിംഗാണ് നടന്നിരിക്കുന്നത്. ഓഡിറ്റേഴ്സിന്റെ കുഴപ്പമില്ല. ഓഡിറ്റിംഗിന് വേണ്ട യാതൊരു മെറ്റീരിയൽസും കൺസ്യൂമർഫെഡിലില്ല. കണക്കില്ല, വൗച്ചറില്ല, എഗ്രിമെന്റുകളില്ല. പ്രാഥമിക അന്വേഷണത്തിൽ ഏതാണ്ട് 447 കോടി രൂപയുടെ നഷ്ടമാണ് കൺസ്യൂമർഫെഡിൽ കാണാൻ സാധിച്ചത്. അഴിമതിക്കെതിരെ കർശനമായിട്ടുള്ള നിലപാട് സ്വീകരിക്കുന്നുണ്ട്. പോലീസ്

അന്വേഷണവും ഒപ്പം തന്നെ ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള അന്വേഷണവും നടക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൺസ്യൂമർഫെഡിന്റെ മാനേജിംഗ് ഡയറക്ടറായ റജി ജി. നായർ കോടതിയെ സമീപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇടക്കാലത്തുണ്ടായിരിക്കുന്ന ഒരു നിശ്ചലതമാത്രമേയുള്ളൂ. വളരെ ശക്തിയായിട്ട് തന്നെ ഗവൺമെന്റ് മുന്നോട്ട് നീങ്ങുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തും നഷ്ടവുംമൂലം തകർച്ചയിലായിരുന്ന കൺസ്യൂമർഫെഡിനെ കൈപിടിച്ചുയർത്താൻ അങ്ങും പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ അഭിനന്ദനാർഹമാണ്. നന്മ സ്റ്റോറുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തിന്മകളുടെ കേന്ദ്രങ്ങളായിരുന്നു. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ വാഹനങ്ങൾ കേട് വന്ന് ആരും തിരിഞ്ഞു നോക്കാതെ കിടക്കുന്ന അവസ്ഥയായിരുന്നു. തൃശ്ശൂർ ജില്ലയിൽ മാത്രം കേട് വന്ന വാഹനങ്ങൾ റോഡിൽ കാട് പിടിച്ച് തുരുമ്പെടുത്ത് നശിച്ചുപോകുന്ന ഒരവസ്ഥയുണ്ടായിരുന്നു. നന്മ സ്റ്റോറുകൾക്ക് പകരമായി പുതിയ സംവിധാനം, അരി വില ഉൾപ്പടെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചു നിർത്താനും മാർക്കറ്റിൽ ഇടപെടാനും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ;

വ്യക്തമാക്കാമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നന്മ സ്റ്റോർ ആരംഭിച്ചത് നല്ല ലക്ഷ്യത്തോടുകൂടിയാണ്. പക്ഷെ അത് അവസാനം കൺസ്യൂമർഫെഡിനെ തന്നെ വിഴുങ്ങുന്ന ഒന്നായി മാറുകയുണ്ടായി. 750 ലേറെ ഷോപ്പുകൾ സംസ്ഥാനത്തുടനീളം ആരംഭിച്ചിട്ടുണ്ടായിരുന്നു. ഈ ഷോപ്പുകളിൽ പ്രതിമാസം 5000 രൂപയിൽ കൂടുതൽ വ്യാപാരം നടക്കുന്ന ഒരു ഷോപ്പു പോലും ഉണ്ടായിരുന്നില്ല. അവിടെത്തന്നെ കേവലം 500 രൂപയിൽ താഴെ പ്രതിമാസ വിൽപ്പന നടത്തുന്ന ഷോപ്പുകളും ഉണ്ടായിരുന്നു. അവിടെയൊക്കെ രണ്ടും മൂന്നും ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടായിരുന്നു. ഇവരുടെ ശമ്പളം, വൈദ്യുതി ബിൽ, ടെലിഫോൺ ബിൽ, യാത്രപ്പടി ഇനങ്ങളിൽ പ്രതിമാസം ഏതാണ്ട് 20,000 രൂപയുടെ ചെലവ് വരുന്നുണ്ടായിരുന്നു. സബ്സിഡിയോടുകൂടി നൽകുന്ന എന്തെങ്കിലും സാധനങ്ങളുണ്ടെങ്കിൽ അത് വാങ്ങുന്നതിന് ആളുകൾ നന്മ സ്റ്റോറിൽ വരികയല്ലാതെ ആരും തന്നെ അവിടേയ്ക്ക് പോകുന്ന സ്ഥിതിയുണ്ടായിരുന്നില്ല. അതിന്റെ കണക്കുകൾ കയ്യിലുണ്ട് വേണമെങ്കിൽ മേശപ്പുറത്തു വയ്ക്കാം. കെടുകാര്യസ്ഥതയുടേയും സൂക്ഷമക്കുറവിന്റേയും ഫലമായിട്ട് വാങ്ങിക്കൂട്ടിയ സാധനങ്ങൾ വിൽക്കാതെ ഡാമേജായി വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടന്നിരുന്ന അവസ്ഥയുണ്ടായിരുന്നു.

അത് പാരിസ്ഥിതിക പ്രശ്നം തന്നെ സൃഷ്ടിക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. അവ അഴുകി നാറുന്നതായിട്ടുള്ള അവസ്ഥാവിശേഷത്തിൽ പരിസരവാസികൾക്ക് സമീപത്ത് താമസിക്കാൻ സാധിക്കില്ലായിരുന്നു. ഇത് വലിയ വ്യാപാര നഷ്ടത്തിനിടയാക്കി. 5 കോടിയിലേറെ സാധനങ്ങളാണ് വിവിധ ഗോഡൗണുകളിൽ അഴുകി പോകുന്ന തരത്തിൽ കെട്ടിക്കിടന്നത്. ഏതായാലും അതെല്ലാം പരിശോധിച്ച് പ്രവർത്തനക്ഷമമല്ലാത്ത നന്മ സ്റ്റോറുകൾ ഒഴിവാക്കി കൺസ്യൂമർഫെഡറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയിട്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കെ. വി. വിജയദാസ് : സർ, പൊതുപണം എങ്ങനെയെല്ലാം ദുർവ്യയം ചെയ്യാമെന്നതിന്റെ ഉത്തമ ഉദാഹരണമായിരുന്നു യു.ഡി.എഫ്. ഭരണം അവസാനിച്ചപ്പോഴുള്ള കൺസ്യൂമർഫെഡിന്റെ സ്ഥിതി. ഈ സ്ഥിതിയെല്ലാം മാറ്റി വിപണിയിൽ ഇടപെടുന്നതിനും, ഉത്സവകാലത്തും അല്ലാത്ത സമയങ്ങളിലും സാധാരണക്കാരെ ഏറ്റവും അധികം ബാധിക്കുന്ന വിലക്കയറ്റം പോലുള്ള ദുർവ്യയത്തിൽ നിന്നും മോചിപ്പിക്കുന്നതിനും കൺസ്യൂമർഫെഡിനെ സജ്ജമാക്കാൻ സാധിക്കുമോ; അതോടൊപ്പം മദ്യവില്പനയിലൂടെ കോടിക്കണക്കിന് രൂപയുടെ അഴിമതി അന്ന് കുപ്രസിദ്ധി ആർജ്ജിച്ചിരുന്നു. ആ കേസ് എന്തായി?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:സർ, കൺസ്യൂമർഫെഡിനെ പുന:സംഘടിപ്പിച്ച് നമ്മുടെ സംസ്ഥാനത്തിലെ സാധാരണ ജനങ്ങൾക്ക് ന്യായമായിട്ടുള്ള വിലയ്ക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കാൻ സാധിക്കുന്ന ഒരു സ്ഥാപനമായി വളരെ പെട്ടെന്ന് മാറ്റാൻ കഴിയുമെന്ന ആത്മവിശ്വാസംതന്നെയാണ് ഗവൺമെന്റിനുള്ളത്. എന്തുകൊണ്ട് കൺസ്യൂമർഫെഡ് തകർച്ചയെ അഭിമുഖീകരിച്ചുഎന്നു ചോദിച്ചാൽ കെടുകാര്യസ്ഥത, അഴിമതി, കൊള്ളരുതായ്മ, തീവെട്ടിക്കൊള്ള എന്നിവയൊക്കെയാണ് അവിടെ നടന്നത്. ആരും ചോദിക്കാനില്ലായിരുന്നു. 'കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലിയെടാ' എന്നുള്ള ഒരു നില കൺസ്യൂമർഫെഡിനകത്ത് ശക്തമായി നടമാടിയിരുന്നു. അതിന്റെ ഭാഗമായി ജനങ്ങൾക്ക് പ്രയോജനകരമായി വരേണ്ടതായ കൺസ്യൂമർഫെഡ് തകർച്ചയിലേക്ക് സമ്പൂർണ്ണമായിട്ട് പോയി. ഏതാണ്ട് 447 കോടി രൂപയുടെ നഷ്ടം എന്നത് അഴിമതി തന്നെയാണ്. ആ നിലയിൽ പോയ കൺസ്യൂമർഫെഡ് കഴിഞ്ഞ ആറു മാസക്കാലംകൊണ്ട് പ്രവർത്തനലാഭത്തിലേക്ക് വരുന്ന സ്ഥിതിവിശേഷമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കെടുകാര്യസ്ഥത അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൺസ്യൂമർഫെഡിനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായിട്ടുള്ള ഭരണസംവിധാനവും മോണിറ്ററിംഗും കൃത്യമായി ഗവൺമെന്റ് നിർവ്വഹിക്കുന്നതാണ്.

ശ്രീ. ആന്റണി ജോണിനുവേണ്ടി (ശ്രീ. വി. ജോയ്): സർ, സർവ്വനാശത്തിന്റെ വക്കിൽനിൽക്കുന്ന കൺസ്യൂമർ ഫെഡറേഷനെ അതിജീവനത്തിലേക്ക് നയിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന് അഭിനന്ദനങ്ങൾ നേരുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ അഴിമതിയിൽ മുങ്ങി നഷ്ടത്തിലായി തകർന്നടിഞ്ഞ കൺസ്യൂമർഫെഡ് ഇപ്പോൾ 23.48 കോടി രൂപ ലാഭത്തിലാണ്. പക്ഷേ, അങ്ങ് സൂചിപ്പിച്ചതുപോലെ 447 കോടി രൂപ സഞ്ചിത നഷ്ടത്തിലാണ്. ഈ നഷ്ടത്തിനുത്തരവാദിയായിട്ടുള്ള ആളുകളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും അങ്ങ് നടപടി സ്വീകരിക്കുമോ? എപ്പോഴെല്ലാം യു.ഡി.എഫ്. ഗവൺമെന്റ് വരുന്നോ അപ്പോഴെല്ലാം അഴിമതി കൊടികുത്തി വാഴുകയാണ്. കൂടാതെ 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുമെന്നു പറഞ്ഞു. അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അഴിമതിക്കെതിരെ കർശന നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റാണിതെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അഴിമതി നടത്തിയ ആരെയും വെറുതെ വിടാൻ പോകുന്നില്ല. പോലീസ് തലത്തിലും ഡിപ്പാർട്ടുമെന്റ് തലത്തിലും അന്വേഷണം നടക്കുന്നുണ്ട്. രണ്ട് അന്വേഷണങ്ങളും വളരെ വേഗത്തിൽ നടത്തി ഖജനാവിനെ കട്ടുമുടിച്ചവരെ/ജനങ്ങളെ

കൊള്ളയടിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. അനിൽ അക്കര: സർ, കൺസ്യൂമർഫെഡിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാനങ്ങളിൽ ഒന്നാണ് വിദേശമദ്യ വില്പനശാലകളിൽ നിന്നുള്ള വരുമാനം. സുപ്രീംകോടതിയുടെ വിധിയനുസരിച്ച് കൺസ്യൂമർഫെഡിന്റെ വിദേശമദ്യ വില്പനശാല സ്റ്റേറ്റ് ഹൈവേകളിൽ നിന്നും മാറ്റുന്നതുമായി ബന്ധപ്പെട്ട് വലിയ തർക്കങ്ങൾ നിലനിൽക്കുകയാണ്. വടക്കാംഞ്ചേരി മണ്ഡലത്തിലെ നഗരത്തിനകത്തുള്ള കൺസ്യൂമർഫെഡിന്റെ മദ്യവില്പനശാല ഗ്രാമ പ്രദേശത്തുള്ള രണ്ടു സ്കൂളുകളുടെ മധ്യത്തിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് തർക്കത്തിൽ നില്ക്കുകയാണ്. സ്വാഭാവികമായും കൺസ്യൂമർഫെഡിന് വരുമാനം ഉണ്ടാക്കിത്തരുന്ന അല്ലെങ്കിൽ ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നും കരകയറ്റാനായി ഏറ്റവും കൂടുതൽ സഹായിച്ചത് മദ്യശാലയാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ജനവാസ കേന്ദ്രങ്ങളിലേയ്ക്കും സ്കൂൾ മധ്യത്തിലേയ്ക്കും മദ്യശാലകൾ മാറ്റുന്നത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രദേശികമായിട്ട് ജനപ്രതിനിധികളായ ആളുകളുടെ അഭിപ്രായം മാനിച്ച് ജനവാസം വളരെയില്ലാത്ത പ്രദേശങ്ങളിലേക്ക്

മാറ്റി സ്ഥാപിക്കാം. മദ്യം വാങ്ങിക്കാൻ പോകുന്ന ആളുകൾ ആളൊഴിഞ്ഞ സ്ഥലത്തായാലും മലമുകളിലായാലും പോയി വാങ്ങിച്ചു കൊള്ളും. അങ്ങനെയുള്ള സ്ഥലങ്ങളിലേക്കുമാറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശം കൊടുക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കൺസ്യൂമർഫെഡ് നടത്തുന്ന സ്റ്റോറുകളിലേക്ക് ജനങ്ങളെ ആകർഷിക്കാൻ സ്ഥിരമായി സർക്കാർ സബ്സിഡി നൽകി അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ മൂന്നോ നാലോ അവശ്യസാധനങ്ങളെങ്കിലും വിതരണം ചെയ്യാൻ തയ്യാറാകുമോ; അതോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രോജക്ടുകളുടെ ഭാഗമായി അംഗൻവാടികളിലും സ്കൂളുകളിലും നടപ്പാക്കുന്ന ഉച്ചഭക്ഷണ വിതരണ പരിപാടിക്ക് ആവശ്യമായ സാധനങ്ങൾ നൽകുന്നതിന് കൺസ്യൂമർഫെഡിനെയും തത്തുല്യമായ സഹകരണ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അതുതന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ജനങ്ങൾക്ക് ആവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ നല്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷം 63.385 കോടി രൂപയാണ് സബ്സിഡിയായി ഗവൺമെന്റ് അനുവദിച്ചത്. അതിൽ 45 കോടി രൂപ ലഭിച്ചു. ഇനി 18 കോടി രൂപ കിട്ടാനുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ഐറ്റംസിന് സബ്സിഡി

നൽകണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, കൺസ്യൂമർഫെഡിന് ചെയ്യാവുന്ന ഏറ്റവും വലിയ സേവനം ജനങ്ങൾ അങ്ങേയറ്റം വിലക്കയറ്റത്തിന്റെ വിഷമതകൾ അനുഭവിക്കുന്ന സമയത്ത് കുറഞ്ഞ നിരക്കിൽ നിത്യോപയോഗസാധനങ്ങൾ നൽകുക എന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അഴിമതിയൊക്കെ അന്വേഷിക്കാം. ഒൻപത് മാസമായിട്ടും ഇതുതന്നെയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. 45 രൂപയാണ് ഇപ്പോൾ അരിയുടെ വില. ഭരണ പക്ഷത്തുള്ള എല്ലാ ചോദ്യകർത്താക്കളും ഇക്കാര്യം പറഞ്ഞു. നമ്മുടെ സംഘം ആന്ധ്രയിൽ എത്തിയിട്ട് അരി ലഭിക്കാത്തതിനാൽ ബംഗാളിലേക്ക് പോകാൻ തുടങ്ങുകയാണെന്നാണ് പറയുന്നത്. അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില കുറച്ചുകൊണ്ടുവരാനുള്ള അടിയന്തര നടപടി വേഗത്തിലും സമയബന്ധിതമായും സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അരിവില താങ്ങാൻ കഴിയാത്ത തരത്തിൽ ഉയരുകയാണ്. ഇത് കേരളത്തിന്റെ മാത്രം സ്ഥിതിവിശേഷമല്ല. അരി ഉല്പാദിപ്പിക്കുന്ന ആന്ധ്രയിൽ അരിയുടെ വില 46 മുതൽ 49 രൂപ വരെയാണ്.

ഗുജറാത്തിൽ 30 മുതൽ 34 രൂപ വരെയാണ്. ഉത്തർപ്രദേശിൽ 29 മുതൽ 32 രൂപവരെയാണ്. കുറുവ അരിക്ക് തമിഴ്നാട്ടി 29 മുതൽ 32 രൂപ വരെയാണ്. (......ബഹളം.......) അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് പറയുന്നത്. ഇൻഡ്യയുടെ ഭാഗമാണ് കേരളവും. പ്രതിപക്ഷ നേതാവ് ഇങ്ങനെ അക്ഷമനായാൽ എങ്ങനെയാണ്; അങ്ങ് മറ്റുള്ളവർക്ക് മാതൃകയാകണം. കുറുവ അരിക്ക് ആന്ധ്രയിൽ കിലോയ്ക്ക് 32 മുതൽ 36 രൂപവരെയാണ്. തമിഴ്നാട്ടിൽ 29 മുതൽ 32 രൂപവരെയാണ്. ബംഗാളിൽ 29 മുതൽ 31 വരെയാണ്. കർണ്ണാടകത്തിൽ 28 മുതൽ 33 രൂപയാണ് മട്ട അരിയുടെ വില. മസൂരി ഇനങ്ങൾക്ക് ആന്ധ്രാപ്രദേശിൽ 25 മുതൽ 30 രൂപവരെയാണ് വില. അതുകൊണ്ടാണ് ഞങ്ങളുടെ ഒരു ടീം പശ്ചിമബംഗാളിൽ പോയത്. പരമാവധി കുറഞ്ഞ വിലക്ക് അരി വാങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. വില കുറച്ച് അരി കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റ് കൺസ്യൂമർഫെഡ് വഴി സ്വീകരിക്കും. അതുപോലെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയോട് (......ബഹളം........)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ചെയറിനോട് സംസാരിക്കണം. ആരെങ്കിലും കമന്റ് പറയുന്നതിനോട് മറുപടി പറയാൻ നിൽക്കണ്ട.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :സർ, ആഗോള പ്രതിഭാസമെന്നല്ല പറഞ്ഞത്.

അഖിലേൻഡ്യാ അടിസ്ഥാനത്തിൽ എല്ലാ കാലത്തും അരിയുടെ വില കുറഞ്ഞ സംസ്ഥാനം തമിഴ്നാടാണ്. തമിഴ്നാട്ടിൽ പോലും അരിയുടെ വില കൂടുതലാണ്. ആന്ധ്രയിലും കർണ്ണാടകത്തിലും വില കൂടുതലാണ്. അവിടെ നിന്നാണ് നമ്മൾ അരി വാങ്ങിക്കുന്നത്. (...ബഹളം.......)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....മിനിസ്റ്റർ മറുപടി പറയട്ടെ. ചോദ്യം ചോദിച്ചാൽ മറുപടി പറയേണ്ടേ.......അംഗങ്ങൾ സീറ്റിൽ ഇരിക്കണം. ശ്രീ. സി. എഫ്. തോമസിന്റെ ചോദ്യത്തിന് ഉത്തരം പറയേണ്ടേ? പ്ലീസ്....ഇരിക്കൂ..... (..........ബഹളം.......)

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവർ വിഷമിച്ചിട്ട് കാര്യമൊന്നുമില്ല. യു.ഡി.എഫ്.ന്റെ ഭരണകാലത്ത് വാങ്ങിയ അരിയുടെ വിലപോലും കൊടുക്കാതെ അരി വിറ്റവർ കയറിയറങ്ങി നടക്കുകയാണ്. നമ്മുടെ സംസ്ഥാനത്തോട് കച്ചവടക്കാർക്കുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തിയവരാണ് പ്രതിപക്ഷം. അവർ അരിപോലും തരാൻ തയ്യാറല്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്ത് വിലക്കയറ്റം അതി ദുസ്സഹമായി കുതിച്ചുയരുമ്പോൾ കൺസ്യൂമർഫെഡിനെസംബന്ധിച്ചുള്ള ചോദ്യം വളരെ പ്രസക്തമാണ്. കൺസ്യൂമർഫെഡിലെ കഴിഞ്ഞകാല ചെയ്തികളെക്കുറിച്ചും

അഴിമതിയെക്കുറിച്ചും അന്വേഷിക്കുന്നതിൽ ആർക്കും എതിർപ്പില്ല. അന്വേഷിച്ച് നടപടി എടുക്കാം. ......(ബഹളം).......

മി.സ്പീക്കർ: മറുപടി മന്ത്രിമാർ പറഞ്ഞു കൊള്ളും, താങ്കൾ ചോദ്യം ചോദിക്കൂ. പ്രതിപക്ഷം ഇത്ര അസഹിഷ്ണുത കാണിക്കേണ്ട, ശ്രീ. എൻ. ഷംസുദ്ദീൻ അത് അംഗീകരിച്ചിട്ടുണ്ട്. ഇടക്കിടയ്ക്ക് ശ്രീ. വി.ഡി. സതീശൻ ഇത് ഓർമ്മപ്പെടുത്തേണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ:സർ, ഇവിടെ ഉന്നയിച്ചിട്ടുള്ള ചോദ്യം വളരെ പ്രസക്തമാണ്. ഇത് രാജ്യത്തെ പട്ടിണിപ്പാവങ്ങളുടെ കാര്യമാണ്. ഈ നിലയിൽ പോയാൽ അരി വില 60-70 രൂപവരെയാവും. കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങൾ ഇത്തരം ഘട്ടങ്ങളിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനുള്ളതാണ്. ......(ബഹളം)....... കാര്യം പറയുമ്പോൾ നിങ്ങളിങ്ങനെ അസഹിഷ്ണുത കാണിക്കുന്നത് ശരിയാണോ? അരി വില ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കുന്ന ഈ പശ്ചാത്തലത്തിൽ നടപടിയുണ്ടാകും എന്ന് മന്ത്രി പറയുന്നു. എന്താണ് നടപടി; കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളെ ഉപയോഗിച്ച് എങ്ങനെയുള്ള മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രധാനപ്പെട്ട ഒരു പ്രശ്നം സഭ

അറിയേണ്ടതായിട്ടുണ്ട്. കേരളത്തിന്റെ അഭിമാനമായ കൺസ്യൂമർഫെഡ് എന്ന സ്ഥാപനം ഉണ്ടാക്കിയ പേരുദോഷം ചെറുതല്ല. ഇത്ര വലിയ പേരുദോഷം ഉണ്ടാക്കിയ സ്ഥാപനം നമ്മുടെ സംസ്ഥാനത്ത് വേറെയില്ല. അരി തരാൻ സപ്ലൈയർമാർ തയ്യാറാകാത്ത സാഹചര്യം ഇവിടെയുണ്ടെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. മുൻകാലങ്ങളിൽ തമിഴ്നാട്, ആന്ധ്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങി വൻ തുകകൾ വർഷങ്ങളായി കടം നിൽക്കുന്ന സാഹചര്യം നിലവിലുണ്ട്. അതുകൊണ്ട് മില്ലുകളോ, ഇടത്തട്ടുകാരോ കേരളത്തിലേയ്ക്ക് അരി നൽകുന്നതിന് സന്നദ്ധരല്ല. (.....ബഹളം......)

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പൂർത്തീകരിച്ചിട്ടില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ:സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡ് 241 സപ്ലൈയർമാർക്കായി 52 കോടി രൂപ നൽകി. ഈ ഇനത്തിൽ 157 കോടി രൂപ കൂടി കൊടുക്കാനുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അതുകൂടി കൊടുക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. നിങ്ങൾ ഉണ്ടാക്കിയ കുഴപ്പമാണിത്. ഏതായാലും അങ്ങ് ചോദിച്ച ചോദ്യത്തിന് മറുപടിയുണ്ട്. ഒരു കണക്കുമില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇതുസംബന്ധിച്ച് എന്തെങ്കിലും രേഖയുണ്ടോ എന്ന് ചോദിച്ചപ്പോൾ രേഖയൊന്നും കയ്യിലില്ല,

ഫോണിൽ ബന്ധപ്പെട്ടാണ് അരി നൽകിയതെന്നാണ് മറുപടി പറഞ്ഞത്. എന്ത് തരം ഭരണമാണ് നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലം നടന്നത്? ഇങ്ങനെ പട്ടാപ്പകൽ കൊള്ളയടിക്കാമോ? എന്തായാലും ഞങ്ങൾ ഇടപെടുകയാണ്. (.....ബഹളം......)

മി. സ്പീക്കർ: അങ്ങ് മറുപടി ചെയറിനോട് പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇപ്പോൾ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ 26 പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യത്തിന് രൂപം നൽകി. കൺസോർഷ്യത്തിന് സീഡ് ക്യാപിറ്റൽ എന്ന നിലയിൽ 100 കോടി രൂപ ശേഖരിക്കാൻ തീരുമാനിച്ചു. കൺസോർഷ്യം രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സീഡ് ക്യാപിറ്റൽ ഫോർമേഷൻ ഉടൻ ആരംഭിക്കുന്നതാണ്. കൺസോർഷ്യം പ്രതിനിധികൾ ആന്ധ്രയിലെ മില്ലുടമകൾ, ഹോൾസെയിൽ ഡീലർ, എഫ്.സി.ഐ ജനറൽ മാനേജർ എന്നിവരുമായി നേരിട്ട് സംസാരിച്ച് സ്ഥിതിവിവരം വിലയിരുത്തിയിട്ടുണ്ട്. ആന്ധ്രയിൽ അരി ലഭ്യമല്ല എന്നാണ്

മനസ്സിലാക്കാൻ കഴിഞ്ഞത്. ആകെ ലഭ്യമാകുന്നത് സുവർണ്ണ അരി മാത്രമാണ്. ഏപ്രിൽ അവസാനം കൊയ്ത്തിനുശേഷം മാത്രമേ അരി ലഭ്യമാക്കാൻ കഴയൂ. കൺസോർഷ്യം പ്രതിനിധികൾ പശ്ചിമ ബംഗാളിലെ പ്രധാന മില്ലുടമകളുമായും ഹോൾസെയിൽ ഡീലർമാരുമായും ആശയവിനിമയത്തിന് പുറപ്പെട്ടിട്ടുണ്ട്. ഇന്നും നാളെയും മറ്റന്നാളുമായി ഈ പ്രക്രിയ പൂർത്തീകരിക്കും. അവരുടെ കേരളത്തിലെ ഏജന്റുമാരും, വിതരണക്കാരായ പവിഴം പോലുള്ള മില്ലുടമകളുടെ സഹായത്തോടുകൂടി മാർച്ച് പത്തിനകം കേരളത്തിൽ അരി എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. എൻ.സി.ഡി.ഇ.എക്സ് വഴി അരിക്കുള്ള ടെൻഡർ നോട്ടിഫിക്കേഷൻ നടത്തിയിട്ടുണ്ട്. 3 ാം തീയതി 10 നും 11 നും ഇടയ്ക്ക് നെഗോസിയേഷൻ പൂർത്തിയാക്കി അളവും വിലയും തിട്ടപ്പെടുത്താൻ കഴിയും. ഇത്രയും നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തിലെ ജനങ്ങളെ സഹായിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. (.....ബഹളം......)

ശ്രീ. ഇ. ടി. ടൈസൺമാസ്റ്റർ:സർ, നീതി മെഡിക്കൽ സ്റ്റോറുകളും, വിദേശമദ്യ ഔട്ട്ലെറ്റുകളും ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 'നന്മ'

പോലുള്ള സഞ്ചരിക്കുന്ന സ്റ്റോറുകൾ കൺസ്യൂമർ ഫെഡിനെ നഷ്ടത്തിലാക്കിയവയാണ്. കൺസ്യൂമർ ഫെഡിനെ നഷ്ടത്തിലാക്കിയ തീരുമാനങ്ങൾ പുന:പരിശോധിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൺസ്യൂമർഫെഡിനെ നഷ്ടത്തിലാക്കിയ പ്രധാനപ്പെട്ട സംഗതി എന്നുപറയുന്നത് നന്മ സ്റ്റോർ തന്നെയാണ്. പ്രതിമാസം 500 രൂപയുടെ കച്ചവടമില്ലാത്ത സ്ഥാപനങ്ങളാണ് യു.ഡി.എഫ്. തുടങ്ങിയത്. അതായത് ഒരു ദിവസം 15 രൂപയുടെ കച്ചവടം നടക്കാത്ത സ്ഥാപനങ്ങളാണ്. അതിന് മൂന്ന് ആളെ വെയ്ക്കണം. അതിലെന്താണ് നടന്നതെന്ന് ഞങ്ങൾ അന്വേഷിക്കുന്നുണ്ട്. ആളെ നിയമിച്ചത് മാത്രമാണ് അവിടെ നടന്നത്. അതെല്ലാം പരിഹരിച്ച് ഈ ഗവൺമെന്റ് കൺസ്യൂമർ ഫെഡിനെ കേരളത്തിലെ ഉത്തമ സ്ഥാപനമാക്കും.

മി.സ്പീക്കർ: 32-ാം നമ്പർ ചോദ്യവുമായി 43-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൽദോസ് കുന്നപ്പിള്ളി നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അതിൽ ഹെഡ്ഡിങ്ങിൽ മാത്രമേ സാമ്യമുള്ളൂ, ചോദ്യങ്ങൾ വ്യത്യസ്തമാണ്, അതിനാൽ

ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. ശ്രീ. ഇ. പി.ജയരാജന് പകരം ശ്രീ വി.കെ.സി. മമ്മത്കോയയ്ക്ക് ചോദ്യം ചോദിക്കാവുന്നതാണ്.

ചരക്കുസേവന നികുതി

(*32.)ശ്രീ.ഇ.പി.ജയരാജൻ (വി.കെ.സി. മമ്മത്കോയ)

ശ്രീ.കാരാട്ട് റസാഖ്

പ്രൊഫ.കെ.യു. അരുണൻ

ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി രജിസ്ട്രേഷന്റെ പുരോഗതി അറിയിക്കാമോ;

(ബി) ജി.എസ്.ടി. നടപ്പാക്കുന്നതിനായി വേണ്ട നെറ്റ് വർക്ക് സിസ്റ്റം തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരികളുടെ മേൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇരട്ട നിയന്ത്രണം സംബന്ധിച്ചും പുറംകടൽ വ്യാപാരം സംബന്ധിച്ചും ജി.എസ്.ടി. കൗൺസിലിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര വ്യാപാരികൾ ഉണ്ടെന്നതിനും അതിൽ 20 ലക്ഷത്തിനു മുകളിൽ വിറ്റുവരവ് ഉള്ളവരും ഒന്നരക്കോടിക്കു മുകളിൽ വിറ്റുവരവുള്ളവരും എത്രയെന്നതിനും കണക്കുണ്ടോ; ഇതിൽ എത്ര ശതമാനം

ജി.എസ്.ടി. രജിസ്ട്രേഷൻ നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) നിലവിൽ വാണിജ്യ നികുതി വകുപ്പിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു വേണ്ടിയുള്ള എൻറോൾമെന്റ് പ്രക്രിയ 2017 ജനുവരി 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതുവരെ provisional Id ലഭിച്ചിട്ടുള്ള 2,55,036 വ്യാപാരികളിൽ, 21.02.2017 വരെ 1,52,474 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. ബാക്കിയുള്ള വ്യാപാരികൾ സമയബന്ധിതമായി രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനു വേണ്ട ഊർജ്ജിത ശ്രമങ്ങൾ വകുപ്പ് തലത്തിൽ നടത്തി വരുന്നു. GSTN രജിസ്ട്രേഷൻ നടപടികൾ അഖിലേന്ത്യാടിസ്ഥാനത്തിൽ നവംബർ 8 നാണ് ആരംഭിച്ചതെങ്കിലും കേരളത്തിലെ വ്യാപാരികൾക്ക് അതിനുള്ള അവസരം ജനുവരി 1-ാം തീയതി മുതലാണ് നൽകിയത്. രജിസ്ട്രേഷനാവശ്യമായ രേഖകൾ ഡിജിറ്റൽ ഒപ്പ് സഹിതം സമർപ്പിച്ചാൽ മാത്രമേ ജി.സി.ടി. രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. അങ്ങനെ ഡിജിറ്റൽ ഒപ്പ് സഹിതം രേഖകൾ സമർപ്പിച്ച വ്യാപാരികളുടെ എണ്ണത്തിൽ കേരളമാണ് ഒന്നാമത്.

(ബി) ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലെയും ജി.എസ്.ടി. യിലെ

വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും e-payment നടത്തുന്നതിനും വേണ്ട common portal GSTN എന്ന കമ്പനി തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാനത്തിൽ Assesment, Audit, Appeal, Enforcement മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി backend module തയ്യാറാക്കേണ്ടതുണ്ട്. അതിനു വേണ്ട software applications തയ്യാറാക്കൽ നല്ല രീതിയിൽ പുരോഗമിക്കുന്നു. സെർവ്വർ വാങ്ങുന്നതിനുള്ള അനുമതി നൽകുകയും, ഇതിനുള്ള ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള വ്യാപാരികളുടെ ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന – കേന്ദ്ര സർക്കാരുകൾക്ക് അഡ്മിനിസ്റ്റർ ചെയ്യാനുള്ള അധികാരം നല്കുന്നതിന് GST Council തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. തീരക്കടലിൽ നടക്കുന്ന ക്രയവിക്രയങ്ങൾക്ക് അതാതു സംസ്ഥാനത്തിന് നികുതി ചുമത്താനുള്ള അധികാരം നല്കുവാൻ GST Council തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ആകെ 2,55,129 വ്യാപാരികൾ ഉള്ളതിൽ 1,15,072 വ്യാപാരികൾക്ക് 20 ലക്ഷത്തിനു മുകളിൽ വാർഷിക വിറ്റുവരവുണ്ട്. അതിൽ 31,214 വ്യാപാരികളുടെ വാർഷിക വിറ്റുവരവ് ഒന്നരക്കോടി രൂപയാണ്. ജി.എസ്.ടി

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയവരുടെ എണ്ണം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമല്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ചരക്ക് സേവന നികുതി നടപ്പിൽ വരുമ്പോൾ 5, 12, 20, 28 എന്നീ നാല് സ്ലാബുകളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. HSN Code-ൽ ഉൾപ്പെടാത്ത പല വസ്തുക്കളും, കഴിഞ്ഞ കാലത്തെപ്പോലെ, ഇനിയും ഉണ്ടാകാനിടയുണ്ട്. ഇപ്പോൾ VAT പ്രകാരം അങ്ങനെയുള്ള വസ്തുക്കൾക്ക് നിബന്ധന വന്നാൽ ഏറ്റവും കൂടിയ നികുതിയാണ് ചുമത്തിക്കൊണ്ടിരിക്കുന്നത്. കാര്യമായി നമ്മുടെ പരിഗണനയിൽ വരാത്ത പല വസ്തുക്കളും ഇപ്പോഴത്തെ ഈ സമ്പ്രദായത്തിലും ഉണ്ടാകും. ഉദാഹരണമായി, റബ്ബർ പാൽ എടുക്കാൻ ഉപയോഗിക്കുന്ന കപ്പ്, കപ്പ് ഹാങ്കർ, ടാപ്പിംഗ് കത്തി പോലുള്ള അപ്രധാനമായ പല സാധനങ്ങളുമുണ്ടാകും. ഇവയ്ക്ക് ഏറ്റവും ഉയർന്ന നികുതി ചുമത്തുന്ന സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഇത് പലപ്പോഴും വലിയ പ്രയാസം ഉണ്ടാക്കുന്നുണ്ട്. ഇത് ഒഴിവാക്കാൻ എച്ച്.എസ്.എൻ. കോഡിൽ ഉൾപ്പെടാതെ വരുന്ന സാധനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നികുതി, ഉദാഹരണമായി, 5 ശതമാനമാണ് ഏറ്റവും കുറഞ്ഞ നികുതിയെങ്കിൽ വ്യാപാരികൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത തരത്തിൽ അത്തരം

സാധനങ്ങൾക്കുമേലുള്ള നികുതി 5 ശതമാനമാക്കി, നിജപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനുള്ള പരിഹാരം എച്ച്.എസ്.എൻ. കോഡ് സമഗ്രമാക്കുക എന്നുള്ളതാണ്. ഇപ്പോൾ അഖിലേന്ത്യാടിസ്ഥാനത്തിൽ ഏതൊക്കെ ഉൽപ്പന്നം ഏത് നിരക്കിൽ വരും എന്നുള്ള ചർച്ചകൾ ആരംഭിക്കാൻ പോകുന്നതേയുള്ളൂ. ഇത് എത്ര സമഗ്രമാക്കിയാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, പിന്നീട് പുതിയ ഉൽപ്പന്നങ്ങൾ വന്നേക്കാം, ചിലതിന് സംശയങ്ങൾ ഉയർന്നുവന്നേക്കാം. അപ്പോൾ ഏത് നിരക്കിലാണ് ഈടാക്കേണ്ടത് എന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളും കൂടി പരിഗണിക്കാം, പരിശോധിക്കാം. ഞാൻ ഇപ്പോൾ അതിനൊരു കൃത്യമായ അഭിപ്രായം പറയുന്നില്ല. ഇതുസംബന്ധിച്ച് കേരള സംസ്ഥാനത്തിന് ഒറ്റയ്ക്ക് ഒരു തീരുമാനമെടുക്കാൻ സാധിക്കില്ല. അത് ജി.എസ്.ടി. കൗൺസിലിന് മാത്രമേ കഴിയുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, നിലവിൽ ചില ഉൽപ്പന്നങ്ങൾക്ക് ഒരു നിശ്ചിത തുക നികുതി അടയ്ക്കുകയും വർഷങ്ങൾക്കുശേഷം ഓഡിറ്റ് വിഭാഗം

നടത്തുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വലിയ തുക നികുതി ചുമത്തുകയും ചെയ്യുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഉദ്യോഗസ്ഥർ അംഗീകരിച്ചുകൊണ്ടാണ് ഈ നികുതി അടയ്ക്കുന്നതെങ്കിൽപ്പോലും വീണ്ടും ഓഡിറ്റ് വിഭാഗം കണ്ടെത്തി വലിയ തുക നികുതി ചുമത്തുമ്പോൾ വ്യാപാരികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. പലർക്കും ഈ നികുതി അടയ്ക്കാൻ കഴിയാതെ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സ്ഥിതി ഉണ്ടാകുന്നുണ്ട്, ചില വ്യാപാരികൾക്ക് കിടപ്പാടം വിൽക്കേണ്ട സാഹചര്യവും ചിലർക്ക് ആത്മഹത്യ ചെയ്യേണ്ട അവസ്ഥയും ഉണ്ടാകുന്നുണ്ട്. ഓഡിറ്റ് വിഭാഗം കണ്ടെത്തുമ്പോൾ ഉദ്യോഗസ്ഥരെല്ലാം ഇതിന് ബാദ്ധ്യസ്ഥരാണെങ്കിലും വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഇവർക്ക് അനുഭവിക്കേണ്ടി വരുന്നില്ല. ഇതിന്റെ പേരിൽ നടപടിയും ജപ്തി ഭീഷണിയും നേരിടേണ്ട സ്ഥിതി അവർക്കുണ്ടാകുന്നുണ്ട്. ഇങ്ങനെയൊക്കെയുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻസ് തയ്യാറാക്കണം. അതിൽ തെറ്റായ നികുതിയാണ് കാണിക്കുന്നതെങ്കിൽ ആ മാസം തന്നെ അത് സ്വീകരിക്കാതെ റിജക്ട് ചെയ്യുന്ന രീതിയിലുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് തീർപ്പുണ്ടാക്കാൻ സാധിക്കും. അതിനാൽ പുതിയ സോഫ്റ്റ്‌വെയർ

ആപ്ലിക്കേഷൻ തയ്യാറാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോഴത്തെ നിലയിൽ ഇങ്ങനെയൊക്കെയുള്ള പ്രശ്നങ്ങളുണ്ട്. ഓഡിറ്റ് വേണ്ടെന്ന് വയ്ക്കാൻ കഴിയില്ല, suppression കണ്ടുപിടിച്ചാൽ നടപടി സ്വീകരിക്കേണ്ടിവരും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് ഇത് ഇന്ന രീതിയിൽ വേണമെന്ന് പിന്നീട് സ്പഷ്ടീകരണം കൊടുക്കുകയാണ് ചെയ്യുന്നത്. നേരത്തെ അങ്ങനെയല്ല ധാരണ. മുൻകാലപ്രാബല്യത്തോടെ നികുതി ഈടാക്കുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതിനൊക്കെ എങ്ങനെ പരിഹാരം കാണാൻ സാധിക്കും എന്നത് സംബന്ധിച്ചും പുതിയ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ തയ്യാറാക്കൽ എന്നത് സംബന്ധിച്ചും ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ നിർദ്ദേശം വളരെ ശരിയാണ്. ഇപ്പോൾ ഇ-ഫയലിംഗ് ഉണ്ടെങ്കിലും വളരെ പരിമിതമായ വാലിഡേഷൻ ക്ലോസുകൾ മാത്രമേ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അതുകൊണ്ട് ഇപ്പോൾ സിസ്റ്റത്തിലൂടെ പരിശോധിക്കാൻ സാധ്യമല്ല. ഉദ്യോഗസ്ഥർ സമയം കിട്ടുമ്പോൾ പരിശോധിക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇ-ഫയലിംഗ് നടത്തുമ്പോൾ അത് consistent അല്ലെങ്കിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ

സ്വീകരിക്കില്ല. അതിനുപറ്റുള്ള വാലിഡേഷൻ ക്ലോസ്സുകൾ കമ്പ്യൂട്ടർ സോഫ്റ്റ്വെയറിൽ കൊണ്ടുവരാൻ കഴിയും. ഏറ്റവും ഉയർന്ന രീതിയിലുള്ളതായിരിക്കും ചരക്ക് സേവന നികുതിയിൽ വരിക. ചരക്ക് സേവന നികുതിയിൽ നികുതിവരുമാനത്തിൽ എന്തെങ്കിലും തെറ്റ് കണ്ടുപിടിച്ചിട്ടുണ്ടെങ്കിലോ അടുത്ത മാസത്തെ കണക്ക് കണക്കാക്കുമ്പോഴോ എക്സ്ട്രാ നികുതി അടച്ചിട്ടുണ്ടെങ്കിലോ ഔട്ട് പുട്ടിൽ കാണിച്ചിട്ടില്ലെങ്കിലോ ഓട്ടോമാറ്റിക്കായി സിസ്റ്റം അപ്പോൾ കറക്ട് ചെയ്യുന്നതാണ്. പിന്നീട് മറ്റൊരു മാസത്തേയ്ക്ക് മാറ്റിവക്കാൻ പറ്റില്ല. ഏതാണ്ട് ഒന്നുരണ്ട് മാസത്തേയ്ക്ക് മാത്രമേ ഉദ്യോഗസ്ഥരെ കബളിപ്പിക്കാൻ സാധിക്കുകയുള്ളൂ. അറിയാതെ തെറ്റ് പറ്റുന്നതാണെങ്കിൽ അത് സിസ്റ്റം ഓട്ടോമാറ്റിക്കായി കണ്ടുപിടിക്കുന്ന രീതിയിലാണ് സംവിധാനം ചെയ്തിട്ടുള്ളത്.

ശ്രീ. കാരാട്ട് റസാഖ്: സർ, ചരക്ക് സേവന നികുതിയുടെ ഭാഗമായി സേവന നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ഒരു ധാരണയിലെത്തിയിട്ടുണ്ടോ; ചരക്ക് സേവന നികുതി നിയമം നിലവിൽ വരുമ്പോഴുണ്ടാകുന്ന സംസ്ഥാനത്തിന്റെ നഷ്ടം എത്ര ശതമാനമാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യയൊട്ടാകെ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനും നഷ്ടം ഉണ്ടാകില്ല എന്നുള്ള അനുമാനത്തിലാണ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. Revenue Neutral Rate എന്നു പറഞ്ഞാൽ അർത്ഥം ഇതാണ്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ച് ഇതിൽനിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്നാണ് രാജ്യവ്യാപകമായിട്ടുള്ള വിലയിരുത്തൽ. കാരണം കേരള സംസ്ഥാനം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അതിനാൽ നമുക്ക് ലാഭവും ഉൽപ്പാദക സംസ്ഥാനങ്ങൾക്ക് നഷ്ടവുമാണ് ഉണ്ടാകുന്നത്. ഉദാഹരണമായി ഒരു രാജ്യത്തിനു പുറത്തുനിന്നും ഒരു ഉൽപ്പന്നം വാങ്ങിച്ചാൽ ഇന്റർ സ്റ്റേറ്റ് വിൽപ്പനയ്ക്ക് ഇന്റർ സ്റ്റേറ്റ് വിൽപ്പന നികുതി ചുമത്തും. ഏത് സംസ്ഥാനത്ത് നിന്നാണ് വാങ്ങുന്നത് ആ സംസ്ഥാനത്തിനാണ് അതിന്റെ നികുതി പോകുന്നത്. ഇപ്പോൾ അങ്ങനെയല്ല. തമിഴ്നാട്ടിൽനിന്നും സാധനം വാങ്ങിക്കുമ്പോൾ അവിടെ നികുതി കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ ബിൽ കേരളത്തിൽ ട്രാൻസ്ഫർ ചെയ്തുതരും. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഈ നികുതി വരുമാനത്തിൽനിന്നും വലിയ നേട്ടാണ് ലഭിക്കുന്നത്. ഇതിന്റെ ഫലമായി കേരളത്തിന് നികുതി വരുമാനത്തിൽ വലിയ വർദ്ധനവാണ്

ഉണ്ടാകുന്നത്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ഒന്നരക്കോടി രൂപവരെ വിറ്റുവരവുള്ള ഒരു വ്യാപാരി വ്യവസായിക്ക് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഇരട്ട നിയന്ത്രണം സംബന്ധിച്ചും പുറം കടൽ വ്യാപാരം സംബന്ധിച്ചും ജി.എസ്.ടി. കൗൺസിലിൽ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എങ്ങനെയാണ് നികുതി ചുമത്തുക എന്നുള്ള തർക്കമാണ് ജി.എസ്.ടി. കൗൺസിലിൽ ഉയർന്നുവന്നത്. 75 ശതമാനത്തോളം വ്യാപാരികളും ഏതാണ്ട് ഒന്നരക്കോടി രൂപയിൽ താഴെ വിറ്റുവരുമാനമുള്ളവരാണ്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും കൂടി ഒരുമിച്ച് വ്യാപാരികളെ സമീപിച്ചാൽ വലിയ പ്രതിഷേധത്തിന് ഇടയാക്കും. അതിൽ സംസ്ഥാനത്തിനായിരിക്കണം മുൻഗണന എന്ന നിലപാടാണ് കേരളം സ്വീകരിച്ചത്. ഒന്നരക്കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരുമാനമുള്ളവരിൽനിന്ന് നികുതി പിരിച്ച് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും വീതിച്ചെടുക്കാം. അതിനുതാഴെ വിറ്റുവരുമാനമുള്ളവരിൽനിന്ന് സംസ്ഥാനത്തിനുമാത്രമേ നികുതി പിരിക്കാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഫലമായി 85 ശതമാനം വ്യാപാരികളും സംസ്ഥാനത്തിന്റെ പരിധിയിൽ

ഉൾപ്പെടുകയും ഇത് പറ്റില്ല എന്നുള്ള നിലപാട് കേന്ദ്ര സർക്കാർ സ്വീകരിക്കുകയും ചെയ്തു. ഈ വിഷയം വളരെ രൂക്ഷമായ തർക്കങ്ങൾക്കും വിവാദങ്ങൾക്കും ഇടയാക്കി. അവസാനം ഇതിന് തീർപ്പുണ്ടാക്കിയിരിക്കുന്നത്, ഒന്നരക്കോടിരൂപയിൽ താഴെ വിറ്റുവരുമാനമുള്ള വ്യാപാരികളിൽ 10 ശതമാനത്തിൽ 9 പേർ സംസ്ഥാനത്തിനും ഒരാൾ കേന്ദ്രസർക്കാരിനും നികുതി ഒടുക്കണം എന്നുള്ള രീതിയിലായിരിക്കും കണക്കാക്കുന്നത്. ഒന്നരക്കോടിരൂപയ്ക്കുമുകളിൽ വരുമാനമാർഗ്ഗമുള്ളവരിൽ (50:50) 50 ശതമാനം കേന്ദ്രസർക്കാരിനും 50 ശതമാനം സംസ്ഥാന സർക്കാരിനുമാണ് നികുതി ഒടുക്കേണ്ടത്. എന്നുവച്ചാൽ സംസ്ഥാനം നികുതി ചുമത്തുമ്പോൾ കേന്ദ്രസർക്കാരിന്റെ നികുതി കൂടി ചുമത്തി കേന്ദ്രസർക്കാരിന്റെ വിഹിതം കേന്ദ്രസർക്കാരിന് കൊടുക്കും. കേന്ദ്രസർക്കാർ നികുതി പിരിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ നികുതി കൂടി പിരിച്ചശേഷം സംസ്ഥാന സർക്കാരിന് നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള ഒരു സംവിധാനം പിൻതുടരാമെന്ന തീരുമാനത്തിലാണ് അവസാനം എത്തിച്ചേർന്നിരിക്കുന്നത്.

<u>ശ്രീ. പി. ഉണ്ണി</u>: സർ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ചെക്ക്പോസ്റ്റാണ് വാളയാർ. ഈ ചെക്ക്പോസ്റ്റ് മറികടന്ന് പല

ചരക്കുവാഹനങ്ങളും ഊട്‌വഴികളിൽ കൂടി കേരളത്തിലേക്ക് കടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വാളയാർ ചെക്ക്പോസ്റ്റിൽ ഒരു സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നു. അതിനാവശ്യമായ സ്ഥലമെടുപ്പ് നടന്നിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചെക്ക്പോസ്റ്റ് വെട്ടിച്ച് വ്യാപകമായി ചരക്കുകൾ കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. ഒരു ക്രിമിനൽ സ്വഭാവമാണ് ഇതിന്മേൽ കൈക്കൊണ്ടിരിക്കുന്നത്. സംഘടിത മാഫിയകൾ, ക്വട്ടേഷനുകൾ തുടങ്ങിയ ആർക്കുവേണമെങ്കിലും കേരളത്തിലേക്ക് ചരക്ക്‌വാഹനം കടത്തിക്കൊണ്ടുവരാനുള്ള ഏർപ്പാട് ഉണ്ടാക്കിക്കൊടുക്കുകയാണ്. അതിനായി പ്രത്യേക ക്വട്ടേഷൻ ടീം തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആ രീതിയിലേക്കാണ് ഇപ്പോൾ പോകുന്നത്. ചരക്കുസേവന നികുതി നിലവിൽ വരുമ്പോൾ വാണിജ്യ നികുതി ചെക്കുപോസ്റ്റ് ഉണ്ടാകില്ല. അതിന്റെ ആവശ്യമില്ല. കാരണം കേരളത്തിലേയ്ക്ക് ഒരു ചരക്ക് വാങ്ങിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യാപാരി വിൽക്കുമ്പോൾ കിട്ടുന്ന പണത്തിന് മുഴുവൻ സർക്കാരിന് നികുതി കൊടുക്കേണ്ട. എന്നാൽ

വാങ്ങിച്ചപ്പോൾ കൊടുത്ത നികുതി കിഴിച്ച് ബാക്കി നൽകിയാൽ മതിയാകും. വാങ്ങിച്ചപ്പോൾ കൊടുത്ത നികുതി കിഴിക്കണമെങ്കിൽ അതിന് ബിൽ വേണം. അതുകൊണ്ട് അന്തർസംസ്ഥാന വ്യാപാരത്തിന് കൃത്യമായി ബില്ലുണ്ടാകണം. തുടക്കം മുതൽ അവസാനം വരെ ബിൽ വാങ്ങിക്കേണ്ടി വരും. എവിടെയെങ്കിലും ബിൽ കിട്ടാതെ ഉണ്ടെങ്കിൽ അവിടെ പിടിച്ചാൽ മതിയാകും. അതുകൊണ്ട് അടിസ്ഥാനപരമായി ഇങ്ങനെയൊരു ചെക്ക്പോസ്റ്റ് വേണ്ടെന്നാണ് സർക്കാരിന്റെ തീരുമാനം. പക്ഷേ ഇതിൽ ഒരു അപകടമുണ്ട്. ഒരു വ്യാപാരി തമിഴ്നാട്ടിൽനിന്നും സാധനം വാങ്ങിക്കുമ്പോൾ എനിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വേണ്ടെന്ന് തീരുമാനിച്ചാൽ അയാൾക്ക് ഇതുമൂലം നല്ല ലാഭമാണ് ഉണ്ടാകുന്നത്. അയാൾ വാങ്ങിക്കുന്ന ഇൻപുട്ട് വളരെ കുറവാണ്. അവിടെനിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ബില്ലിടാതെ ഇവിടത്തെ ചെക്ക്പോസ്റ്റിൽ കൂടി നമ്മുടെ നാട്ടിലേയ്ക്ക് കടന്നുപോകുകയാണ് ചെയ്യാറുള്ളത്.

<u>മി. സ്പീക്കർ</u>: വ്യാജ 'സി' ഫോം ഉണ്ടാക്കിയതുപോലെ വ്യാജ ബില്ലും ഉണ്ടാക്കാൻ സാധിക്കില്ലേ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അങ്ങനെ ചെയ്യാൻ കഴിയില്ല. ബിൽ എഴുതിയാൽപ്പോലും ഇതെല്ലാം കമ്പ്യൂട്ടറൈസ്ഡാണ്. ഒരു മാസം

ഏകദേശം 360 കോടി ഇടപാടുകൾ കൈകാര്യം ചെയ്യാനായി പരസ്പരം ബന്ധപ്പെടുത്താൻ പര്യാപ്തമായ, പ്രതിമാസം ഏകദേശം 500 കോടി രൂപ ചെലവ് വരുന്ന കമ്പ്യൂട്ടർ സംവിധാനത്തിലാണ് ഇതുസംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത്. ഒരു വ്യാജ ബിൽ കൊണ്ടുവരുമ്പോൾ കൊണ്ടുവന്ന ആളിന്റെ ബിൽ ഉണ്ടോ എന്നത് കമ്പ്യൂട്ടറിൽ തന്നെ പരിശോധിക്കാം. ഉല്പന്നങ്ങൾ വാങ്ങുമ്പോഴും വിൽക്കുമ്പോഴും ബിൽ എഴുതാതിരിക്കുകയാണ് കേരളത്തിൽ നികുതി വെട്ടിക്കാനുള്ള ഏക മാർഗ്ഗം. ഇതിന് പരിഹാരമായി സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കാവുന്നതാണ്. ഏത് ചരക്കുവണ്ടി വന്നാലും നമ്പർ നോട്ട് ചെയ്യാൻ സാധിക്കും. അപ്പോൾത്തന്നെ ജി.എസ്.ടി.എൻ.-ലേയ്ക്ക് ഇൻവോയ്സ് അപ്‌ലോഡ് ചെയ്തിട്ടുണ്ടോയെന്ന് കമ്പ്യൂട്ടറിൽ പരിശോധിക്കണം. ഇത്തരം സംവിധാനം പ്രായോഗികമാണോയെന്ന് പരിശോധിക്കാനായി വാളയാർ, പാലക്കാട് മേഖലയിലെ എല്ലാ ഊടുവഴികളിലും അടുത്ത മാസം മുതൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനത്തിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷി യോഗം ചേരാമെന്ന് അങ്ങ് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ

പറഞ്ഞിരുന്നു. എന്നാൽ അങ്ങനെയൊരു യോഗം ചേർന്നിട്ടില്ല. ഇപ്പോൾ ജി.എസ്.ടി. കൗൺസിലിന് സംസ്ഥാനവുമായും കേന്ദ്ര സർക്കാരുമായുള്ള തർക്കത്തിൽ ഏതെല്ലാം വിഷയങ്ങളാണ് അവശേഷിക്കുന്നത്; അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണ്; എത്ര ശതമാനം വരെ ടാക്സ് ഈടാക്കാം എന്നതുസംബന്ധിച്ച് ധാരണയായിട്ടുണ്ടോ; അതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, എത്ര ശതമാനം വരെ നികുതിയാകാമെന്ന് ബഹുമാനപ്പെട്ട അംഗം ചോദിച്ചത് പ്രധാനപ്പെട്ട ഒരു ഇഷ്യൂ ആയിരുന്നു. നികുതിനിരക്ക് കുറയ്ക്കണമെന്ന് ശക്തമായ അഭിപ്രായമുണ്ടായിരുന്നു. ആഡംബര വസ്തുക്കൾക്ക് എക്സൈസും സർവ്വീസ് ടാക്സും വാറ്റും ഉൾപ്പെടെ 40 മുതൽ 50 ശതമാനം വരെ നികുതിയാണ് ചുമത്തുന്നത്. ആഡംബര ഉൽപ്പന്നങ്ങൾക്ക് എന്തിനാണ് നികുതിയിൽ കുറവുവരുത്തുന്നത്. ആഡംബര ഉൽപ്പന്നങ്ങളുടെ നികുതി കുറച്ചുകഴിഞ്ഞാൽ പിന്നെ അരിയുടെ മേൽ നികുതി ഏർപ്പെടുത്തിയാൽപ്പോലും റവന്യൂ ന്യൂട്രലാവുകയില്ല. ആഡംബര വസ്തുക്കൾക്ക് നികുതി കുറയ്ക്കുകയും അവശ്യ വസ്തുക്കൾക്ക് നികുതി കൂട്ടുകയും ചെയ്താൽ അത് വലിയ അനീതിയായിരിക്കും.

കേരളമാണ് ഇക്കാര്യത്തിൽ ഏറ്റവും ശക്തമായ നിലപാട് തുടക്കം മുതൽ സ്വീകരിച്ചത്. അതിന്റെ ഫലമായി ഏറ്റവും കുറഞ്ഞ നികുതി നിരക്കായ 6 ശതമാനം 5 ശതമാനമായി കുറച്ചു. കൂടിയ നിരക്ക് 28 ശതമാനമായി വർദ്ധിപ്പിച്ചു. ഇപ്പോൾ 28 ശതമാനമാണ് അംഗീകൃതമായിട്ടുള്ളത്. നഷ്ടപരിഹാരം കൊടുക്കാനായി ചുരുങ്ങിയത് 55000 കോടി രൂപ ഒരു വർഷം വേണ്ടിവരും. അതിനുള്ള തുക കണ്ടെത്താനായി ആഡംബര വസ്തുക്കളുടെമേൽ സർചാർജ് കൂടി ചുമത്താൻ കേന്ദ്രം അനുവാദം കൊടുത്തിട്ടുണ്ട്. അതിനാൽ സാധാരണ ജനങ്ങളുടെ ജീവിതത്തെ ഇത് ബാധിക്കുകയില്ല. മറ്റ് അടിസ്ഥാനപരമായ തർക്കങ്ങളൊന്നും നിലനിൽക്കുന്നില്ല. സ്വർണ്ണത്തിൻമേലുള്ള നികുതിയുടെ തർക്കം മാത്രമാണ് ഇപ്പോഴുള്ളത്. സ്ലാബ്ചർ നിശ്ചയിച്ചെങ്കിലും ഓരോ ഉൽപ്പന്നവും ഏതിലാണ് ഉൾപ്പെടുത്തേണ്ടത് എന്നതുസംബന്ധിച്ച് ശ്രീനഗറിൽ ചേരുന്ന സമ്മേളനത്തിലായിരിക്കും ചർച്ച നടത്തുന്നത്.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ജി.എസ്.ടി. വന്നതോടുകൂടി കേരളം രക്ഷപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിൽ വളരെ സന്തോഷം, കേൾക്കാനെങ്കിലും സുഖമുണ്ട്. പക്ഷേ എനിക്കൊരു

സംശയമുള്ളത്, സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റ് ഓരോ സെയിൽസ് ടാക്സ് ഓഫീസിന്റെയും കീഴിൽ ഇത്ര ലക്ഷം രൂപ പിരിച്ചിരിക്കണമെന്ന് കമ്മീഷണർ ഉത്തരവ് കൊടുക്കുകയാണ്, ആ ഉത്തരവ് എങ്ങനെയാണ് വരുന്നത്? കഴിഞ്ഞ വർഷം 5 ലക്ഷം രൂപ പിരിച്ചിട്ടുണ്ടെങ്കിൽ ഈ വർഷം 10 ലക്ഷം രൂപ പിരിച്ചെടുക്കണം എന്നുപറയുമ്പോൾ സെയിൽ ടാക്സ് ഉദ്യോഗസ്ഥൻമാർ വഴിയിൽവച്ച് മനുഷ്യനെ പിടിച്ചുപറിക്കുകയാണ് ചെയ്യുന്നത്. മോട്ടോർ സൈക്കിളിൽ തുണിക്കച്ചവടം നടത്തുന്ന പാവപ്പെട്ടവന് 30000 രൂപ ടാക്സ് ചുമത്തിയാൽ എന്തുചെയ്യാൻ കഴിയും; ബഹുമാനപ്പെട്ട മന്ത്രി അറിയാതെയാണോ ഇങ്ങനെ ചെയ്യുന്നത്; ടാക്സ് കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണ്? ജി.എസ്.ടി.-യെപ്പറ്റി അങ്ങ് പറയുന്നു, പക്ഷേ ഇന്നും ഇന്നലെയും നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ ഇത്ര രൂപ പിരിക്കണമെന്ന് മേലുദ്യോഗസ്ഥൻ തീരുമാനിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; ഇങ്ങനെ നിർദ്ദേശം നൽകുന്നതിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ? ഇത് കേരളത്തിലെ ജനങ്ങൾ അറിയേണ്ട കാര്യമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം ഈ

വിഷയത്തിന്റെ ഒരു വശം മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ. അദ്ദേഹം മനസ്സിലാക്കാത്ത മറ്റൊരു വശം കൂടിയുണ്ട്. മൂന്നുനാലു വർഷമായി 10 ശതമാനം മാത്രമേ നികുതി വരുമാനം വർദ്ധിക്കുന്നുള്ളൂ. കേരളത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെയും വിലക്കയറ്റത്തിന്റെയും തോതിന്റെ പകുതി വേഗതയിലാണ് നികുതി ശതമാനം വളരുന്നത്. നികുതി ചോർച്ചയുണ്ടാകുന്നു എന്ന കാര്യത്തിൽ സംശയമില്ല, അക്കാര്യം മറക്കരുത്. നികുതി വെട്ടിക്കുന്നവരുണ്ട്, അവരെ പിടികൂടുക തന്നെ വേണം. നിയമസഭ അംഗീകരിക്കുന്ന ബഡ്ജറ്റിൽ 20 ശതമാനം നികുതി വരുമാനം വർദ്ധിക്കണമെന്ന് പറഞ്ഞാൽ അടുത്ത വർഷം 20 ശതമാനം വർദ്ധിക്കണമെന്ന് കമ്മീഷണർ പറയും. തെറ്റായ രീതിയിൽ നികുതി പിരിവ് നടത്തുന്നുണ്ടെങ്കിൽ നിശ്ചയമായും അത് പരിശോധിച്ച് അതിന് പരിഹാരം കണ്ടെത്തിയിരിക്കും. അങ്ങനെയുള്ള എന്ത് കാര്യമുണ്ടെങ്കിലും ബഹുമാനപ്പെട്ട അംഗത്തിന് ശ്രദ്ധയിൽക്കൊണ്ടുവരാവുന്നതാണ്. സർക്കാർ പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യും.

വൈദ്യുതി നിരക്ക് വർദ്ധന

(*33) ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കു വർദ്ധന പരിഗണനയിലുണ്ടോ; എങ്കിൽ പരിഷ്കരണം ആവശ്യമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വൈദ്യുതി നിരക്കുകളിലുണ്ടായ വർദ്ധന സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(സി) ഈ കാലയളവിൽ വൈദ്യുതി ബോർഡിന്റെ ലാഭ നഷ്ടങ്ങൾ നിരക്കു പരിഷ്കരണത്തിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ലാഭനഷ്ടക്കണക്കും നിരക്കു പരിഷ്കരണവും സംബന്ധിച്ചുള്ള അനുപാതം എതുവിധത്തിലാണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) വൈദ്യുതി നിരക്കുവർദ്ധനവ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലുണ്ട്. വൈദ്യുതി ബോർഡിന്റെ വരവ് ചെലവ്

കണക്കുകൾ പരിശോധിച്ച് റവന്യൂ വിടവ് തിട്ടപ്പെടുത്തിയാണ് റെഗുലേറ്ററി കമ്മീഷൻ താരീഫ് പരിഷ്കരണം നടത്തേണ്ടത്. ഇതിന് പരിഗണിക്കേണ്ട ഘടകങ്ങൾ കേന്ദ്ര നിയമമായ വൈദ്യുതി നിയമം 2003-ലും മറ്റു നയങ്ങളിലും നിർവ്വചിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ വർഷത്തേയും റവന്യൂ വിടവിനോടൊപ്പം മുൻ വർഷങ്ങളിലെ സഞ്ചിത വിടവും താരിഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്. വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്നതും മഴക്കുറവുമൂലം വൈദ്യുതി ഉൽപ്പാദനം കുറഞ്ഞതും വൈദ്യുതി വാങ്ങൽ ചെലവ് കൂട്ടുന്നതിന് കാരണമായിട്ടുള്ളതും താരീഫ് പരിഷ്കരണത്തിൽ പരിഗണിക്കേണ്ടതുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ അഞ്ചു വർഷത്തിനിടയ്ക്ക് 3 പ്രാവശ്യം വൈദ്യുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 2012-13-ൽ 01.07.2012-ൽ നടപ്പിലാക്കിയ നിരക്ക് വർദ്ധനവ് 24 ശതമാനവും 2013-14-ൽ 01.05.2013-ൽ നടപ്പിലാക്കിയ നിരക്ക് വർദ്ധനവ് 9.1 ശതമാനവും 2014-15-ൽ 16.08.2014-ൽ നടപ്പാക്കിയ നിരക്ക് വർദ്ധനവ് 6.7 ശതമാനവുമായിരുന്നു.

(സി) വൈദ്യുതി ബോർഡിലെ നിരക്കു പരിഷ്കരണം, അതിന്റെ ലാഭ-നഷ്ടക്കണക്കിനെ മാത്രം ആശ്രയിച്ചല്ല കണക്കാക്കുന്നത്. ആയതിനാൽ ലാഭനഷ്ടക്കണക്കും നിരക്ക് പരിഷ്കരണവും തമ്മിൽ അനുപാതം

നിർണ്ണയിക്കാൻ കഴിയില്ല. എന്നാൽ, കമ്മീഷൻ നിരക്ക് വർദ്ധന പരിഗണിക്കുമ്പോൾ ലാഭനഷ്ടക്കണക്ക് കൂടി കണക്കിലെടുത്താണ് അന്തിമ തീരുമാനം കൈക്കൊള്ളുന്നത്.

വൈദ്യുതി നിയമം 2003 പ്രാബല്യത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ നിരക്ക് പരിഷ്കരണം നടത്തുന്നത് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി ബോർഡിന്റെ വരവ് ചെലവുകൾ പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കുന്നത്. ടി നിരക്ക് നിശ്ചയിക്കുന്നതിന് കേന്ദ്ര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങളുമുണ്ട്.

വൈദ്യുതി ബോർഡിന്റെ മുൻവർഷങ്ങളിലെ ആഡിറ്റ് ചെയ്ത കണക്ക് അനുസരിച്ച് സമർപ്പിച്ചിട്ടുള്ള ട്രൂയിംഗ് അപ്പ് പെറ്റീഷനുംകൂടി പരിഗണിച്ചാണ് നിരക്ക് നിശ്ചയിക്കേണ്ടത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ, വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്നതും മഴക്കുറവുമൂലം വൈദ്യുതി ഉൽപ്പാദനം കുറഞ്ഞതും വൈദ്യുതി വാങ്ങൽച്ചെലവ് കൂട്ടുന്നതിന് കാരണമായിട്ടുണ്ടെന്നാണ് പറയുന്നത്. ഇതിനൊരു പരിഹാരമെന്നുള്ള നിലയിൽ വീടിന് ഒരു സൗരോർജ്ജ പാനൽ എന്ന നയം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി

എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്; സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും സ്ട്രീറ്റ് ലൈറ്റുകളിലും സൗരോർജ്ജ പാനൽ നിർബന്ധമാക്കുമോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് തന്നെ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് അനുകൂലമായ നിലപാട് സ്വീകരിക്കുകയും സബ്സിഡി നൽകുകയും ചെയ്തിട്ടുണ്ട്. സൗരോർജ്ജ പാനൽ വീടുകളിലോ ഓഫീസുകളിലോ സ്ഥാപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കെ.എസ്.ഇ.ബി.-ക്ക് ഉള്ളതെന്ന് വ്യക്തമാക്കുകയാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വിതരണച്ചെലവിലുണ്ടായ വർദ്ധനവിന് ആനുപാതികമായ വർദ്ധനവാണോ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്; വിതരണച്ചെലവിൽ ക്രമാതീത വർദ്ധനവ് ഉണ്ടാകുന്നതുമൂലം ബി.പി.എൽ. വിഭാഗങ്ങൾക്ക് നിരക്ക് താങ്ങാനാകാത്ത സ്ഥിതിവിശേഷം ഉണ്ടാകുമോ; എങ്കിൽ ഇതിൽനിന്നും ഈ വിഭാഗത്തിനെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എം. എം. മണി</u>: സർ, നിലവിൽ നിരക്ക് വർദ്ധനവ് ബോർഡിന്റെ

ശ്രദ്ധയിലോ, ഗവൺമെന്റിന്റെ ശ്രദ്ധയിലോ റെഗുലേറ്ററി കമ്മീഷൻ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായ ഉത്തരം നൽകാൻ നിർവ്വാഹമില്ല.

പ്രൊഫ. ആബീദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യുതി ബോർഡ് വരവുചെലവ് കണക്ക് അവതരിപ്പിക്കാത്തതിനാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സ്വമേധയാ വരവുചെലവ് കണക്ക് തയ്യാറാക്കുന്ന അവസ്ഥാവിശേഷമുണ്ടോ?

ശ്രീ. എം. എം. മണി: വൈദ്യുതി ബോർഡിന്റെ വരവുചെലവ് കണക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പക്കലുമുണ്ട്. കാരണം, ഇന്ത്യയിൽ നിലനിൽക്കുന്ന കേന്ദ്ര നിയമമാണ് അതിന് സാധൂകരണം നൽകുന്നത്. അതുകൊണ്ട് ആവശ്യപ്പെട്ടാൽ വരവുചെലവ് കണക്ക് നൽകാൻ വൈദ്യുതി ബോർഡും ബാദ്ധ്യസ്ഥമാണെന്നതാണ് നിയമം. അതിനെ തടയാൻ ആർക്കും കഴിയില്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യുതിക്ഷാമം രൂക്ഷമാകുന്ന സന്ദർഭത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; അങ്ങനെ വാങ്ങുകയാണെങ്കിൽ കഴിഞ്ഞ

തവണത്തെക്കാളും കൂടിയ റേറ്റിനാണോ വാങ്ങുന്നത്; ഇപ്പോഴത്തെ അതിന്റെ സാദ്ധ്യത എന്താണ്?

<u>ശ്രീ. എം. എം. മണി</u>: സർ, കഴിഞ്ഞ ഗവൺമെന്റുകൾ ഇതുസംബന്ധിച്ച് ദീർഘ-ഹ്രസ്വകാല കരാറുകൾ ഉണ്ടാക്കിയിട്ടുണ്ട്. നിലവിലും അത്തരം കരാറുകളുണ്ട്. മുമ്പ് 25 വർഷക്കാലാവധിക്കുവരെ കരാർ ഉണ്ടാക്കിയിട്ടുണ്ട്. ഹ്രസ്വകാല കരാർ അനുസരിച്ച് വാങ്ങാൻ സാദ്ധ്യതയുണ്ടെങ്കിൽ, വിശദമായി പരിശോധിച്ച് വൈദ്യുതി വാങ്ങുന്നതിൽ ബോർഡിന് വിരോധമില്ല; ആവശ്യമെങ്കിൽ വാങ്ങും.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, 1980 വരെ വൈദ്യുതിരംഗത്ത് നമ്മുടെ സംസ്ഥാനം മിച്ച സംസ്ഥാനമായിരുന്നെങ്കിലും ഇന്നത്തെ അവസ്ഥ വളരെ ദയനീയമാണ്. നമുക്ക് ആവശ്യമായതിന്റെ 85 ശതമാനം വൈദ്യുതിയും പുറത്തുനിന്നും വാങ്ങേണ്ടിവരികയാണ്. ഇതിന് പരിഹാരമായി നമ്മുടെ മനോഭാവത്തിലുണ്ടാകുന്ന മാറ്റം അനിവാര്യമാണ്. അതിൽ പ്രധാനമായി തെർമൽ പ്ലാന്റിനോടുള്ള വിമുഖത മാറണം. വലിയ പദ്ധതികൾ സംസ്ഥാനത്ത് വന്നാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. സോളാർ പ്ലാന്റ് ഫലപ്രദമല്ലെന്ന് നമുക്കറിയാവുന്നതാണ്.

അതിനാൽ വലിയ പദ്ധതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: നിശ്ചയമായും വലിയ പദ്ധതികൾ കൊണ്ടുവരും. വൈദ്യുതി മിച്ചസംസ്ഥാനമാണ് നമ്മുടേതെന്ന് പറയുന്നത് ശരിയല്ല. നമുക്ക് ആവശ്യമുള്ളതിന്റെ 30 ശതമാനം വൈദ്യുതിയാണ് നിലവിൽ ഉല്പാദിപ്പിച്ചിരുന്നത്. ഇത്തവണത്തെ മഴക്കുറവുകൂടി പരിഗണിച്ചാൽ അതിലും കുറയാനുള്ള സാദ്ധ്യതയുണ്ട്. അതിനാൽ കൂടുതൽ വൈദ്യുതി പുറത്തുനിന്നും വാങ്ങേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. പുതിയതായി ജലവൈദ്യുതി, സോളാർ, കാറ്റ്, താപനിലയം തുടങ്ങിയ പദ്ധതികൾ ആരംഭിക്കാൻ കഴിയുമോയെന്നും തർക്കം നിലനിൽക്കുന്ന ആതിരപ്പിള്ളി പദ്ധതിയുടെ കാര്യത്തിൽ സമവായം ഉണ്ടാക്കാൻ സാധിക്കുമോയെന്നും ഭാവിയിൽ പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, വൈദ്യുതി പ്രസരണ നഷ്ടംമൂലം കെ.എസ്.ഇ.ബി.-ക്ക് വൻതോതിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇത് കുറയ്ക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; അതുപോലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എം. എം. മണി</u>: വൈദ്യുതി ഉപഭോഗം കുറയ്ക്കാനുള്ള വിപുലമായ ക്യാമ്പയിൻ നടത്തണമെന്ന് ബോർഡ് ആലോചിക്കുന്നുണ്ട്. ഒരു മണിക്കൂറെങ്കിലും വൈദ്യുതി ഉപഭോഗം കുറച്ചാൽ അതിന്റെ പ്രയോജനം ഉണ്ടാകുമെന്ന് തന്നെയാണ് കരുതുന്നത്. അതിനായി വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകിയെങ്കിലും കുടിശ്ശികയുടെയും മറ്റ് പല കാര്യങ്ങളുടെയും പേരിൽ ഫ്യൂസ് ഊരുന്നുവെന്ന വ്യാപകമായ പരാതിയുണ്ട്. കണ്ണൂർ ജില്ലാ വികസന സമിതി പല തവണ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഗവൺമെന്റ് പട്ടികവർഗ്ഗ കോളനികളുടെ കുടിശ്ശിക എഴുതിത്തള്ളുന്നതിനോ ഒറ്റത്തവണ തീർപ്പാക്കലിലൂടെ പരിഹരിക്കുന്നതിനോ ഉള്ള നടപടി സ്വീകരിച്ച്, വിച്ഛേദിച്ച കണക്ഷൻ എത്രയുംവേഗം പുന:സ്ഥാപിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ബോർഡിന് രേഖാമൂലം നൽകിയാൽ പരിഗണിക്കാവുന്നതാണ്. മറ്റൊരു വസ്തുതയുള്ളത് 2017 മാർച്ച് 31-ഓടുകൂടി കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അതിനുവേണ്ടിയുള്ള

പ്രവർത്തനങ്ങൾ കേരളത്തിൽ സജീവമായി നടന്നുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളും അതിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സോളാറും കാറ്റും ചേർത്തുള്ള ഹൈബ്രിഡ് എന്ന പുതിയ ടെക്നോളജി വന്നിട്ടുണ്ട്. അത് സാർവ്വത്രികമാക്കുകയാണെങ്കിൽ പകൽ സോളാറിൽ നിന്നും രാത്രി കാറ്റിൽ നിന്നും വൈദ്യുതി ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. ഇത് പ്രായോഗികമാക്കാൻ സാധിക്കുമോ?

ശ്രീ. എം. എം. മണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രായോഗികമാണോയെന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സമ്പൂർണ്ണ വൈദ്യുതിവൽക്കരണത്തിന്റെ ഭാഗമായി എല്ലാസ്ഥലത്തും എം.എൽ.എ. ഫണ്ട് കൂടി നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്റെ മണ്ഡലത്തിലും അങ്ങയുടെ മണ്ഡലത്തിലും ആദിവാസികൾ കൂടുതലുള്ള മേഖലകളുണ്ട്. എന്റെ മണ്ഡലത്തിലെ കോട്ടൂർ മേഖലയിൽ വൈദ്യുതി എത്തിക്കണമെങ്കിൽ ഏകദേശം 5.5 കോടി രൂപയുടെ ചെലവ് വരും. അതിനാൽ ഇതുപോലുള്ള പ്രദേശങ്ങളിൽ കൂടുതൽ തുക നൽകാൻ കെ.എസ്.ഇ.ബി. തയ്യാറാകുമോ?

ശ്രീ. എം. എം. മണി: കെ.എസ്.ഇ.ബി. ഏതാണ്ട് 175 കോടി രൂപ

മുടക്കാനാണ് തയ്യാറായിട്ടുള്ളത്. എം.എൽ.എ., എം.പി. ഫണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹായിച്ചാൽ മാത്രമേ ഇത് പൂർണ്ണമായും വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി എം.എൽ.എ. മാർ നൽകിയിട്ടുള്ള ഫണ്ട് ഭാവിയിൽ സമർപ്പിക്കുന്നതിന് വിരോധമില്ലെന്ന് അറിയിക്കുകയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, കയ്പമംഗലം മണ്ഡലത്തിലെ പെരിങ്ങലം എന്ന സ്ഥലത്ത് സമ്പൂർണ്ണ സൗരോർജ്ജ പദ്ധതി നടപ്പിലാക്കിയതായി വായിച്ചു. അങ്ങനെ നടപ്പിലാക്കുന്ന പഞ്ചായത്തുകൾക്ക് ബോർഡ് പ്രത്യേകമായി എന്ത് സഹായമാണ് നൽകുന്നത്?

ശ്രീ. എം. എം. മണി: ഇക്കാര്യം പരിശോധിച്ച് പറയാം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ സമ്പൂർണ്ണ വൈദ്യുതീകരണത്തെക്കുറിച്ച് സൂചിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഏറ്റവും പ്രധാനപ്പെട്ട കാര്യം സമ്പൂർണ്ണ വൈദ്യുതീകരണത്തിന് തടസ്സമായി നിൽക്കുന്നത്, പല വീടുകളിലും വയറിംഗ് നടത്തുന്നതിന് ആവശ്യമായ പണമില്ലാത്ത സാഹചര്യമുണ്ടെന്നുള്ളതാണ്. ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുള്ളത് അങ്ങേയ്ക്കും അറിയുന്നതാണ്. കുറഞ്ഞത് 5000 രൂപ

പഞ്ചായത്തുകൾക്ക് കൊടുക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി. ഉത്തരവിറക്കിയതായി അറിയുന്നു. വയറിംഗ് നടത്തുന്നതിന് പഞ്ചായത്തുകൾക്ക് സഹായം നൽകാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് ഉത്തരവിറക്കാൻ കഴിയുമോ?

ശ്രീ. എം. എം. മണി: അതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് എല്ലാ പഞ്ചായത്തുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കൊച്ചിൻ റിഫൈനറിയുടെ പ്രോജക്ട് പൂർത്തിയാകുമ്പോൾ petcoke എന്ന ബൈപ്രൊഡക്ട് കിട്ടുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് കൊച്ചിൻ റിഫൈനറിയോട് ചേർന്നുള്ള എഫ്.എ.സി.റ്റി.-യുടെ സ്ഥലം ഏറ്റെടുത്ത് അവിടെ petcoke ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു. ഇടുക്കി ഡാമിൽ നിന്ന് ഇപ്പോൾ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതിയോളം വൈദ്യുതി petcoke ഉപയോഗിച്ച് ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് ആദ്യപഠനത്തിൽ കണ്ടെത്തിയത്. ആ നടപടി തുടരുമോ?

ശ്രീ. എം. എം. മണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രീതിയിൽമാത്രമല്ല, മറ്റേത് സാദ്ധ്യതയിൽക്കൂടി വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെങ്കിലും അത്

പരിശോധിക്കുന്ന കാര്യത്തിൽ തുറന്ന മനസ്സാണ് ഗവൺമെന്റിനും വൈദ്യുതി വകുപ്പിനും ഉള്ളത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, വലിയ ജലക്ഷാമം നേരിടാൻ പോകുന്ന ഈ സാഹചര്യത്തിൽ ഊർജ്ജ പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. എം. എം. മണി</u>: മഴക്കുറവുമൂലം ജലക്ഷാമം നല്ലരീതിയിലുണ്ട്. അതുകൊണ്ട് ജലവൈദ്യുതിയുടെ കാര്യത്തിലും പ്രതിസന്ധിയുണ്ട്. എങ്കിലും ഉള്ള സാദ്ധ്യത പൂർണ്ണമായും ഉപയോഗിക്കുക, സോളാർ പദ്ധതി വിപുലീകരിക്കുക, കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യത പരിശോധിക്കുക, താപനിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദനം നടത്താൻ കഴിയുമോയെന്ന് പരിശോധിക്കുക തുടങ്ങിയ എല്ലാവിധ സാദ്ധ്യതകളും നമുക്ക് ഇക്കാര്യത്തിൽ ആലോചിക്കാവുന്നതാണ്.

<u>മി. സ്പീക്കർ</u> : ഓർഡർ.....ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)